Dr. RADHAKRISHNAN ELAYIDATH CHAPTERS IN EDITED BOOK. NO. 4



**ഡോ. അനിൽ വള്ളത്തോൾ**

കുറ്റിപ്പുറത്ത് ചന്ദ്രശേഖരൻ നായരുടേയും വള്ളത്തോൾ ശാന്തകുമാരിയുടേയും മകനായി 1964 ൽ തിരൂരിനടുത്ത് മംഗലത്ത് ജനിച്ചു. കാലിക്കറ്റ് സർവകലാശാലയിൽ നിന്ന് ഒന്നാംറാങ്കോടെ എം. എ. പാസായതിനുശേഷം തളിപ്പറമ്പ് സർ സയ്ദ് കോളേജിലാണ് അദ്ധ്യാപകജീവിതം ആരംഭിച്ചത്. വള്ളത്തോൾക്കവിതയിലെ ശൈലീപഠനത്തെ മുൻനിർത്തിയുള്ള പഠനത്തിന് പിഎച്ച്.ഡി നേടിയിട്ടുണ്ട്. ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല, കാലിക്കറ്റ് സർവകലാശാല എന്നിവിടങ്ങളിലും അദ്ധ്യാപകനായി സേവനമനുഷ്ഠിച്ചതിനുശേഷം 2018 മുതൽ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിൽ വൈസ് ചാൻസലറായി പ്രവർത്തിച്ചുവരികയാണ്. വള്ളത്തോൾ പ്രതിഭ, കാവ്യാഭാഷാപഠനങ്ങൾ, ഭാഗവതപഠനങ്ങൾ, വള്ളത്തോളിന്റെ കാവ്യശൈലി, എഴുത്തച്ഛൻ ഒരു പാഠപുസ്തകം തുടങ്ങി പതിനഞ്ച് പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. പി.കെ. പരമേശ്വരൻ നായർ ട്രസ്റ്റ് പുരസ്കാരം, ഭാഗവതതത്ത്വസമീക്ഷാ അവാർഡ്, ചാണക്യപുരസ്കാരം, അബുദാബി ശക്തി അവാർഡ് തുടങ്ങിയവയാണ് ലഭിച്ചിട്ടുള്ള പ്രധാനപുരസ്കാരങ്ങൾ. തുഞ്ചൻസ്മാരകട്രസ്റ്റ് അംഗമാണ്.

ഭാര്യ : സുഷമ മഠത്തിൽ
മക്കൾ : ഡോ. മഞ്ജുനാഥ്, നിരഞ്ജൻ
മരുമകൾ : ഡോ. ഹരിത
വിലാസം : കുറ്റിപ്പുറത്ത് ഹൗസ്, പി.ഒ. മംഗലം, മലപ്പുറം
ഫോൺ : 9447335316, ഇ-മെയിൽ: anilvallathol@gmail.com

## ഉള്ളടക്കം


അവതാരിക

1. കാവ്യോദയം 15
2 ജയ മലയാളഭാഷേ ! 16
3. വള്ളത്തോൾ സ്മരണ 19
4. വൈകി വന്ന കവിത 21
5. കണ്ണനെകണ്ടു ഞാൻ 23
6. കൃഷ്ണതുളസിയുടെ ജന്മം 25
7. സൂര്യന്റെ ചിരി 27
8. പ്രാർത്ഥനാഗീതം (ചേന്നര വിശ്വവിദ്യാലയം) 29
9. പ്രാർത്ഥനാഗീതം (വള്ളത്തോൾ എ.യു.പി. സ്കൂൾ) 31
10. ഒറ്റപ്പെട്ടവൻ 33
11. ഭൂമിപുത്രി 35
12. സഹായി ഗോപാലന്റെ പേരക്കുട്ടി 37
13. സ്വപ്നസഞ്ചാരം 39
14. നീയെത്തും വരെ 41
15. കർപ്പൂരഗന്ധം 43
16. തിരിച്ചുനടത്തം 45
17. മണ്ണാങ്കട്ടയും കരിയിലയും 47
18. ശ്രാദ്ധം 49

19. മഴയുടെ താളം 51
20. മന്ഥര 53
21. പുതിയ പാഠം 55
22. പ്രളയം വന്നപ്പോൾ 56
23. ശീതദേവത 59
24. കൊഴുക്കട്ട മാഹാത്മ്യം 61
25. പൂക്കാത്ത മന്ദാരം 63
26. ജലയാത്ര 65
27. അതിർവരമ്പ് 67
28. വ്യാധിചക്രം 69
29. മയക്കത്തിൽ 71
30. അപൂർണവിരാമം 73
31. ചിത്രകാരൻ വിരമിക്കുമ്പോൾ 75


## കവിതയും നിർമ്മമതയും തമ്മിൽ ചില ഉടമ്പടികൾ

സവിശേഷ ഉദ്ദേശ്യങ്ങൾ മുൻനിർത്തി എഴുതപ്പെട്ടവ, സാമൂഹികവും പാരിസ്ഥിതികവുമായ ഉൽക്കണ്ഠകളിലേക്ക് തുറക്കുന്നവ, തീർത്തും വൈയക്തികമായവ- 'നീലാഞ്ജനം' എന്ന പേരിൽ സമാഹരിക്കപ്പെടുന്ന അനിൽ വള്ളത്തോളിന്റെ മുപ്പതോളം കവിതകൾക്ക് ഇങ്ങനെയൊരു വർഗീകരണം സാധ്യമാണെന്ന് തോന്നുന്നു. പദ്യത്തിലും ഗദ്യത്തിലുമായി രചിക്കപ്പെട്ട കവിതകൾ കവിയും കവിതയും ആഗ്രഹിച്ച യോഗബലങ്ങളെ സാക്ഷാത്കരിക്കുന്നു. മണിപ്രവാളത്തിന്റെയും പച്ചമലയാളത്തിന്റെയും വെണ്മണിപാരമ്പര്യത്തിന്റെയും വള്ളത്തോൾ ശൈലിയുടെയും പ്രേരണകൾ വൃത്തവിരചിതമായ കവിതകളിൽ കാണാം. താളത്തിന്റെയും ശയ്യയുടെയും കാര്യത്തിൽ അവ ആദ്യന്തം മികവു പുലർത്തുന്നു. വേറിട്ട നോട്ടങ്ങളിലേക്കും അപ്രതീക്ഷിത വിപര്യയങ്ങളിലേക്കും സഞ്ചരിക്കുന്നു ഗദ്യകവിതകൾ. മലയാളകാവ്യചരിത്രത്തിൽ ഏറെ ഉപയോഗിക്കപ്പെടുകയോ ചർച്ച ചെയ്യപ്പെടുകയോ ചെയ്തിട്ടില്ലാത്ത നിർമ്മമതയുടെയും വൈരാഗ്യത്തിന്റെയും അഭേദത്തിന്റെയും കാവ്യാദർശങ്ങളെ ഈ കവിതകൾ പിൻപറ്റുന്നു. അപൂർവമായ ഈ കാവ്യവഴികളിൽ അനിൽ വള്ളത്തോളിന്റെ രചനകൾ വേറിട്ടും നവീനമായും സഞ്ചരിക്കുന്നു. ബാലാമണിയമ്മയുടെയും ആറ്റൂർ രവിവർമയുടെയും ആർ. രാമചന്ദ്രന്റെയും കാവ്യലോകങ്ങളെ അത് ചിലപ്പോഴെങ്കിലും ഓർമിപ്പിക്കുന്നു. സമകാല മലയാളകവിതയുടെ ബഹുസ്വരതകളിൽ എണ്ണപ്പെടേണ്ടതും ചരിത്രപരമായി സ്ഥാനപ്പെടുത്തേണ്ടതുമാണ് സമാഹാരത്തിലെ കവിതകൾ.

അവനവനിൽനിന്ന് പുറത്തുകടക്കാനുള്ള ഉപാധിയാണ് അനിൽ വള്ളത്തോളിന് കവിത. കവിതയെ തീക്ഷ്ണമായ ഒരു മിന്നലാട്ടമായി തിരിച്ചറിഞ്ഞ് മറ്റ് വ്യവഹാരങ്ങളേക്കാൾ ഉന്നതസ്ഥാനത്ത് ഈ കവിതകൾ പ്രതിഷ്ഠിക്കുന്നു. 'പുതിയ പാഠം' എന്ന കവിത ഭാവന സാധ്യമാക്കുന്ന മൂല്യമുള്ള അറിവിനെ സൂചിപ്പിക്കുന്നു. ഈ കവിതയിലെ ഭാവന ലോകത്തിന് മുകളിൽ അധ്യാരോപം ആഗ്രഹിക്കുന്ന മനുഷ്യഭാവനയല്ല. പ്രകൃതിയുടെ വിപുലതയ്ക്ക് മുകളിൽ വിനീതവിധേയമാകുന്ന ഭാവനയുടെ വിപരീതസഞ്ചാരമാണ് കവിതയിൽ കാണുന്നത്. ഭാഷയെയും കവിതയെയും സംബന്ധിച്ച മാനുഷികനിർവചനങ്ങളുടെ അതിരുകളിൽനിന്ന് അനിൽ വള്ളത്തോളിന്റെ കവിതകൾ തെന്നിമാറുന്നു. "മൃദുധ്വനിയുടെ/ചടുലശക്തിയെ/സമാഹരിച്ചു നീ/ കുതിക്കുക വീണ്ടും/ വിപരീതങ്ങളെ/ തലതിരിച്ചിടാൻ/പതിഞ്ഞ ശീലിനെ/ പരിഗണിക്കുവാൻ"എന്ന് ഇതേ കവിതയിൽ കവിതയ്ക്ക് അത് പുതിയ ലക്ഷ്യവും ധർമവും കണ്ടെത്തുന്നു.

പൊതുവെ കൂട്ട് ആഗ്രഹിക്കുന്നവയാണ് അനിൽ വള്ളത്തോളിന്റെ കവിതകൾ. എന്നാൽ സമൂഹചേതനയോട് ചേർന്നുനിൽക്കാൻ ആഗ്രഹിച്ച്, സാമൂഹികക്രമങ്ങളായി സ്വയം പരുവപ്പെട്ടിട്ടും അതിൽനിന്ന് പുറത്തായി പോകുന്നതിന്റെ വ്യഥകൾ സമാഹാരത്തിലെ ചില കവിതകൾ പങ്കുവെയ്ക്കുന്നു. 'ഒറ്റപ്പെട്ടവൻ' ഉദാഹരണമാണ്. 'സഹായി ഗോപാലന്റെ പേരക്കുട്ടി' "മുത്തച്ഛന്റെ ചോര ചരിത്രമെഴുതട്ടെ" എന്ന് ഈ തിരസ്കാരങ്ങൾക്ക് എതിർ ചോദ്യങ്ങൾ ഉണ്ടാകും എന്ന പ്രതീക്ഷയെ ചേർത്തുവെയ്ക്കുന്നു. 'മന്ഥര' എന്ന കവിത "മന്ഥരയില്ലാത്ത രാമായണം ചരടുവലിക്കാൻ വിരലില്ലാത്ത തിരശ്ശീലയാണ്''എന്നും ''മന്ഥരയില്ലാതെന്ത് അയോധ്യ''എന്നും പ്രതിലോമതകളെ അനിവാര്യതയായി തിരിച്ചറിയുന്നു. 'തിരിച്ചുനടത്തം' എന്ന കവിതയാകട്ടെ, ഇത്തരം പ്രതീക്ഷകളിൽ നിന്നുള്ള തിരിച്ചുനടത്തത്തെയും സൂചിപ്പിക്കുന്നു. കവിതകളിലേക്ക് കടന്നുവരുന്ന പ്രമേയങ്ങളെ ഭിന്ന മാനങ്ങളിൽ അനിൽ വള്ളത്തോളിന്റെ കവിതകൾ പരിചരിക്കുന്നതിന്റെ മാതൃകയാണിത്.

നാനാവിധമായ നോട്ടങ്ങളും സമ്യക്കായ തിരിച്ചറിവുകളും ഈ കവിതകളെ തുറസ്സുകളിലേക്ക് വിമോചിപ്പിക്കുന്നു. മനുഷ്യകേന്ദ്രീകൃതം മാത്രമല്ല ഈ രചനകൾ. പ്രകൃതിയെ അതിന്റെ വ്യാവഹാരികതയും ചാക്രികതയും ഉൾക്കൊണ്ട് മിഴിവുള്ള അവതരണങ്ങളാക്കി മാറ്റാൻ ഈ കവിതകൾക്ക് കഴിയുന്നു. സുന്ദരമായ പ്രകൃതിദൃശ്യങ്ങൾ ഇവിടെ സ്വയം നഷ്ടത്തിനുള്ള ക്ഷണങ്ങളാവുന്നു. മനുഷ്യജീവിതവിപര്യയങ്ങളിലേക്ക് പ്രകൃതി ചിത്രണങ്ങളെ അപ്രതീക്ഷിതമായി ചേർത്തുവെയ്ക്കാനും കവിതകൾക്ക് കഴിയുന്നുണ്ട്. 'സൂര്യന്റെ ചിരി' മേൽസൂചിപ്പിച്ച വസ്തുതകൾക്ക് നല്ല മാതൃകയാണ്.

കവിതയെ മാധ്യമമാക്കിക്കൊണ്ടുള്ള ഈ തിരിച്ചറിവുകൾക്ക് ദാർശനിക അടിസ്ഥാനമായി പ്രവർത്തിക്കുന്നത് പ്രപഞ്ചത്തിന്റെ പൊരുളിനെ സംബന്ധിച്ച ഏകാദർശവും അഭേദചിന്തയുമാണ്. 'കണ്ണനെ കണ്ടു ഞാൻ' ഉദാഹരണമാണ്. കവിതയിൽ കാമനയും അതിൽനിന്ന് ഉരുവാകുന്ന ദുഃഖവും ഈ മനസ്സിലാക്കലിന് അപ്പുറത്തല്ല. 'പ്രാർത്ഥനാഗീതം' എന്ന കവിതയിൽ "ശതദൂരം താണ്ടിയിട്ടയുത പുണ്യാത്മാ/ലണിയട്ടെ വിശ്വവിമോഹനമാല്യം" എന്നെഴുതുമ്പോൾ അതിനു പ്രേരണയായിത്തീരുന്നത് ഇതേ ജീവിതാദർശം തന്നെ. സമദർശനവും സമന്വയവും ഈ കവിതകളുടെ അടിസ്ഥാനമാവുന്നു. 'നീയെത്തുംവരെ' എന്ന കവിതയിൽ കാണുന്നതുപോലുള്ള "ഇവിടെ നീരവശ്യാമവിശാലമാം/ ഭയദ ദുസ്തരമേകാന്തസന്ധ്യകൾ'' എന്നിങ്ങനെയുള്ള നനുത്ത ശോകങ്ങളിലും, ആന്തലുകളിലും കവിതയെ പ്രസന്നമാക്കി നിർത്തുന്നത് മേൽപ്പറഞ്ഞ ദാർശനിക അടിസ്ഥാനങ്ങൾ തന്നെ.

തീർത്തും സ്വകാര്യമായ വിഷയങ്ങൾപോലും ദാർശനികമായ സംയമനത്തിൽ നിന്നോ നിസ്സംഗവും സൗമ്യവുമായ നോട്ടങ്ങളിൽ നിന്നോ പുറത്തായി പോകുന്നില്ല. 'വള്ളത്തോൾ സ്മരണ' വള്ളത്തോൾ കവിതകൾക്ക് സമകാലത്ത് കൈവരുന്ന അർഥസാധ്യതകൾ, വള്ളത്തോളിന്റെ കാവ്യസങ്കല്പങ്ങൾക്ക് അദ്ദേഹം ജീവിച്ചിരുന്ന കാലത്ത് നേരിടേണ്ടിവന്ന വിമർശനങ്ങളും പിൽക്കാലത്ത് ലഭിച്ച സ്വീകാരവും, മലയാളത്തെ വൈജ്ഞാനികമാക്കാൻ വള്ളത്തോൾ നടത്തിയ പ്രവർത്തനങ്ങൾക്ക് ഉണ്ടാകേണ്ടുന്ന തുടർച്ചകൾ എന്നീ പ്രതലങ്ങളിലാണ് ഊന്നുന്നത്. വള്ളത്തോൾ ഈ കവിതയിൽ വർത്തമാനത്തിന്റെയും ഭാവിയുടെയും കവിയായി മാറുന്നു. മലയാളത്തെ അതിന്റെ

ചരിത്രവഴികളിലും വൈജ്ഞാനികപാരമ്പര്യത്തിലും സ്ഥാനപ്പെടു
ത്താൻ 'ജയ മലയാള ഭാഷേ' എന്ന കവിതയും പരിശ്രമിക്കുന്നു.
'ജലയാത്ര' എന്ന കവിതയിൽ "കൃഷ്ണദ്വൈപായനൻമാർക്ക്/
ഇനിയുമാവാം ജന്മം/സത്യവതിയായ ഭാഷയുണ്ടല്ലോ കൂടെ"-
എന്നെഴുതുമ്പോൾ ഭാഷ പ്രത്യാശയുടെ സൂചകമായി മാറുന്നു.
ഭാഷാചരിത്രത്തെയും കാവ്യചരിത്രത്തെയും വ്യത്യസ്തമായി
മനസ്സിലാക്കാൻ ഇത്തരം കവിതകൾക്ക് കഴിയുന്നു.
മലയാളഭാഷയുടെ ദ്രാവിഡ അടിത്തറയും പിൽക്കാലത്ത് അതിന്
വന്ന ആര്യപോഷണവും കവിത ഒരിക്കൽകൂടി പറഞ്ഞുറപ്പിക്കുന്നു.
വൈകാരികതയാൽ വഴിതെറ്റിപോകാവുന്ന ഒരു ചിത്രണം
സൗമ്യവും സ്ഥിതവുമായ നോട്ടങ്ങളിൽ മിഴിവുറ്റതായിത്തീരുന്ന
തിന്റെ മികച്ച മാതൃകയാണ് 'ശ്രാദ്ധം'എന്ന കവിത. "നെല്ലും
പണങ്ങളും/ കല്ലിലും പുല്ലിലും തൂകാതെ/ തോട്ടകൃഷി ചെയ്യാൻ/
പഠിപ്പിച്ച പുസ്തകം" എന്ന പിതൃസ്മരണയെ കവിത
സ്പർശനീയമായി എഴുതുന്നു. അനിൽ വള്ളത്തോളിന്റെ
കവിതകൾ അതിന്റെ തികവും മികവും വീണ്ടെടുക്കുന്നത്
ഇങ്ങനെയൊക്കെയാണ്.

മലയാളകാവ്യമണ്ഡലത്തിന് വലിയ തോതിൽ പരിചിതമല്ലാത്ത
വിപരീതസഞ്ചാരങ്ങളാണ് ഈ കവിതകൾ. വൈരാഗ്യവും
അരുചിയും തണുപ്പുമെല്ലാം അതിന്റെ ആദർശമായിത്തീരുന്നു.
'കൊഴുക്കട്ട മാഹാത്മ്യ'വും 'ശീതദേവത'യും ഉദാഹരണമാണ്.
കവിയുടെ ഭാഷയിൽ അത് വെള്ളദുസ്വാദുകൾക്കായി
രസമുകുളങ്ങളെ വഴക്കിയെടുക്കുന്ന പ്രക്രിയയാണ്. ഈ
കവിതകളിലെ നിസ്സംഗതയും സംയമനവും സമാധാനത്തിലേക്ക്
തുറക്കുന്ന വഴികൾ കൂടിയാണ്. ചെടിപ്പുകളെയും
പ്രത്യാശകളെയും ഒരുപോലെ സ്തോഭങ്ങളില്ലാതെ അനിൽ
വള്ളത്തോൾ അവതരിപ്പിക്കുന്നു. ഒരു പ്രത്യക്ഷ വിജ്ഞാന
പ്രശ്നത്തെയും സാമൂഹികപ്രശ്നത്തെയും അവതരിപ്പിക്കുന്ന
'അതിർവരമ്പ്' എന്ന കവിതപോലും സൂക്ഷ്മാർത്ഥത്തിൽ
ഇത്തരമൊരു നിലയെ സ്വീകരിക്കുന്നു. വിഭ്രാമകം എന്ന്
തോന്നാവുന്ന കവിതകൾ നടത്തുന്ന സ്വപ്നസഞ്ചാരങ്ങളും
സ്വയംമറക്കലുകളും അഭയസ്ഥാനമായി കണ്ടെടുക്കുന്നത്
ഇങ്ങനെയൊരു നിലയെ തന്നെയാണ്. നിർവികാരത ഈ
കവിതകൾക്ക് ജീവിതത്തിന്റെ പൊരുളാവുന്നു. മഞ്ഞുകാലങ്ങളെ
ഈ കവിതകൾ അകമഴിഞ്ഞ് സ്നേഹിക്കുന്നു.

ഇത്തരമൊരു കാവ്യധാര മലയാളകാവ്യചരിത്രത്തിൽ അപൂർവവും
അപരിചിതവുമാണെന്ന് സൂചിപ്പിച്ചുവല്ലോ. സമകാലിക
മലയാളകവിതയുടെ ബഹുസ്വരതകളിൽ പരിഗണിക്കപ്പെടേണ്ടതോ
എണ്ണപ്പെടേണ്ടതോ ആണത്. ഇങ്ങനെയുള്ള ധാരകളെ നമ്മുടെ
കാവ്യവിമർശനസമ്പ്രദായങ്ങൾ വേണ്ടത്ര പരിഗണിച്ചില്ല.
ആധുനികമായ നോട്ടങ്ങളിൽ മതാത്മകതയുടെയും
അതിഭൗതികതയുടെയും പശ്ചാത്തലങ്ങളിൽനിന്നുകൊണ്ട്
അമൂർത്തമായാണ് അവ മനസ്സിലാക്കപ്പെട്ടത്. സാകല്യത്തിന്റെയും
സമന്വയപൂർണതയുടെയും മണ്ഡലമായി അത് മാറി.

ഇത്തരം കവിതകളുടെ വിശകലനങ്ങളിൽ സമകാലികമായി
പരിഗണിക്കേണ്ടുന്ന മറ്റ് ചില വസ്തുതകളുണ്ട്. അപൂർവമെങ്കിലും
ഇത്തരം ധാരകൾ ഒന്നിനൊന്ന് ഭിന്നമായാണ് നിലനിന്നത് എന്നത്
പ്രധാനമാണ്. ഏകതാനമെന്ന തോന്നലിലും അത്
ബഹുസ്വരമാണെന്ന് സാരം. സമഗ്രതയുടെ പ്രതീതികൾ നൽകുന്ന
ഏത് കാവ്യമണ്ഡലവും ആഭ്യന്തരമായി വൈരുധ്യങ്ങളും
സംഘർഷങ്ങളും പേറിയാണ് നിലനിൽക്കുന്നത് എന്നതാണ്
വിശകലനം പരിഗണിക്കേണ്ടുന്ന മറ്റൊരു തത്വം. ശരാശരി
മനുഷ്യന്റെ ജീവിത ഉൽക്കണ്ഠകളോടാണ് ഇതിന് മൂർത്തബന്ധം.
ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഏതു മാനങ്ങളിൽ
അവതരിപ്പിച്ചാണ് കവിത അതിന്റെ സാധൂകരണങ്ങളിലേക്ക്
വരുന്നത് എന്നതും ശ്രദ്ധിക്കേണ്ടതുണ്ട്. ഇത്തരം ലോകങ്ങളെ
അടയാളപ്പെടുത്താനും വിലയിരുത്താനുമുള്ള കവിതകളുടെ
ശ്രമങ്ങൾ സാധ്യതകളും പരിമിതികളും നിറഞ്ഞതാണ് എന്നതും
പ്രധാനമാണ്.

കവിതയെ ഒരു വ്യവഹാരമായി പരിഗണിച്ചുകൊണ്ട്
കാവ്യവിശകലനങ്ങൾ വിപുലപ്പെടേണ്ടതുണ്ട്. രൂപഭാവങ്ങൾ,
ചിഹ്നസമുച്ചയങ്ങൾ, താളക്രമങ്ങൾ, പദാവലികൾ, കാവ്യഭാഷ,
വിനിമയമൂല്യം എന്നീ ഘടകങ്ങളെല്ലാം ഇത്തരം അന്വേഷണ
ങ്ങളുടെ ഭാഗമാകണം. മുൻപെങ്ങുമില്ലാത്തവിധം കവിതയടക്ക
മുള്ള ഏതു വ്യവഹാരവും അതിന്റെ വിനിമയക്ഷമതയിൽ

ഊന്നുന്നു. വിമർശനനിഷ്ഠത ഇത്തരം വിശകലനങ്ങളുടെ കേന്ദ്രത്തിലേക്ക് കടന്നുവരേണ്ടതുണ്ട്.

കവിതയെ മാധ്യമമാക്കി വ്യക്തിചോദനയെ നിയന്ത്രിക്കാനും അതുവഴി പ്രകൃതിചോദനയിലേക്ക് വളരാനും ഉള്ള ശ്രമങ്ങളായി അനിൽ വള്ളത്തോളിന്റെ കവിതകളെ വായിക്കാം. മതാതീമായ ആത്മീയത പൂർണമായ അർത്ഥത്തിലല്ലെങ്കിലും അനിൽ വള്ളത്തോളിന്റെ കവിതകളുടെ അടിപ്പടവായി പ്രവർത്തിക്കുന്നു. സമകാലസന്ദർഭത്തിൽ അത്തരമൊരു ആത്മീയത കണ്ടെടുക്കപ്പെടേണ്ടതിന്റെ രാഷട്രീയപ്രസക്തി പ്രത്യേകം പറയേണ്ടതില്ലല്ലോ. കാവ്യബലങ്ങളിൽ നിന്നുകൊണ്ട് അർത്ഥപൂർണമായി അതിനെ വിനിമയം ചെയ്യാൻ ഈ കവിതകൾക്ക് കഴിയുന്നു എന്നത് പ്രധാനമാണ്. എന്നാൽ ഈ ലക്ഷ്യത്തിൽ അനിൽ വള്ളത്തോളിന്റെ കവിതകൾ ചെന്നുച്ചേരുന്ന വിപരീത സ്ഥാനങ്ങളെയും കാണാതിരുന്നുകൂടാ. വ്യക്തി/പ്രകൃതി പോലുള്ള സങ്കല്പനങ്ങളെ ചരിത്രപരമായും വൈരുധ്യാത്മകമായും മനസ്സിലാക്കുന്നതിന്റെ സാധ്യതകൾ അനവധിയാണ്. കവിത എന്ന മാധ്യമത്തെ നിരന്തരമായ ഇടപെടലിനുള്ള ഉപാധിയായി തിരച്ചറിയുന്നതും ആ നിലയിൽ തുടർച്ചകൾ ഉണ്ടാക്കിയെടുക്കുന്നതും അഭികാമ്യമാവും. രേഖീയമായ തീർപ്പുകളേക്കാൾ കവിത തുറന്നുതരുന്ന സംവാദമുഖങ്ങളെ തന്നെയാണ് അതിന്റെ ബലമായി എണ്ണേണ്ടത്. കവിത പ്രകടമാക്കുന്ന സംവാദ സ്ഥാനങ്ങളും വൈരുധ്യങ്ങളും ഈ ബലത്തോട് ചേർന്നു നിൽക്കുകയും പുതിയ ഭാവുകത്വനിർമിതിക്കുള്ള സാധ്യതകൾ തുറന്നിടുകയും ചെയ്യുന്നു. മലയാളകാവ്യചരിത്രത്തിൽ കവിതയും നിർമമതയും തമ്മിലുണ്ടാക്കിയ ഗുണകരമായ ഉടമ്പടികളുടെ പ്രത്യക്ഷമായി അനിൽ വള്ളത്തോളിന്റെ കവിതകളെ സ്ഥാനപ്പെടുത്താമെന്നു തോന്നുന്നു.

രാധാകൃഷ്ണൻ ഇളയിടത്ത്

# നീലാഞ്ജനം

കവിതകൾ

ഡോ. അനിൽ വള്ളത്തോൾ